(സി) 2001 മേയ്മാസം മുതൽ 2004 ഡിസംബർ മാസം 31 വരെ എത്ര സ്ത്രീ പീഡനക്കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്ത്രീപീഡനക്കേസുകളിലും പെൺവാണിഭക്കേസുകളിലും പോലീസുകാർ പ്രതികളായിട്ടുണ്ടോ; എങ്കിൽ അവരുടെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ദേശീയ വനിതാ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ തുടങ്ങിയ കമ്മീഷനുകൾ സംസ്ഥാനത്തെ സ്ത്രീപീഡന കേസുകളെ സംബന്ധിച്ച് അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ചില ജില്ലകളിൽ പെൺവാണിഭക്കേസുകൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുവാൻ പ്രത്യേക സംവിധാനം നിലവിലില്ല.

(ബി) ഇല്ല. ബന്ധപ്പെട്ട കേസുകളിൽ അന്വേഷണം പൂർത്തിയാക്കി യഥാസമയം കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവരുന്നുണ്ട്.

(സി) 16023 കേസുകളിൽ.

(ഡി) ഉണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കൂടാതെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽ പ്രവണത

47 [52] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീപീഡനം, അഴിമതി, കൈക്കൂലി, വ്യഭിചാരം, കള്ളക്കടത്ത്, മറ്റ് കുറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പോലീസ് ഉൾപ്പെടെ എത്ര സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർ ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥൻമാരാണെന്നും തസ്തികകൾ ഏതാണെന്നും ഏതെല്ലാം കുറ്റങ്ങൾക്കാണ് കേസ് എടുത്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസുകളിൽ എത്രപേരെ അറസ്റ്റ് ചെയ്തെന്നും എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും, എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽ പ്രവണതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നു വിശദമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

നാരായണന്റെ ദുരൂഹമരണം

48 [53] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 19-9-2004-ൽ കർണ്ണാടകയിൽ നടന്ന വാഹനാപകടത്തിൽ മരണപ്പെട്ട പെരിങ്ങളം മണ്ഡലത്തിലെ ചെറുപറമ്പിലെ നടക്കണ്ടിയിൽ നാരായണന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് വ്യക്തമാക്കി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിക്ക് 25-9-2004-ന് നൽകിയ കത്തിൻമേൽ എന്ത് നടപടി കർണ്ണാടക ഗവൺമെന്റ് സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ശ്രീ. പി. ഗംഗാധരൻ മാസ്റ്റർ ചെയർമാനായി രൂപീകരിച്ച ആക്ഷൻ കമ്മിറ്റിയിൽ നിന്നും 7-10-2004-ൽ ഒരു പരാതിയും തലശ്ശേരി താലൂക്ക് വള്ള്യായിദേശത്തെ കിരൻ അനന്തൻ എന്നയാൾ 23-11-2004-ന് ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയും ലഭിച്ചിട്ടുണ്ട്. ഇവ അന്വേഷണത്തിനും റിപ്പോർട്ടിനുമായി കർണ്ണാടക ഡി. ജി. പി.- ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) വിവരം ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly